നമ്പർ: ACB,/44604/23 dtd 19/09/2023

# സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

## പത്മവിലാസം സ്ട്രീറ്റ്, ഫോർട്ട്, നാലുമുക്ക്, തിരുവനന്തപുരം.

## വിജ്ഞാപനം

**സൂചിക: G.O.(Ms.)No.253/2023/H.Edn Dated 8.5.2023**

## 2023–24 ലെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ കോഴ്സിലേയ്ക്കുള്ള പ്രവേശനം

1. കേരളത്തിലെ എ.ഐ.സി.റ്റി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2023–24 വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ(എം.സി.എ) കോഴ്സിലേയ്ക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർക്ക് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ 2023 മേയ് 10 മുതൽ മേയ് 31 വരെ അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണം 2023 ജൂൺ 4 വരെ. അപേക്ഷാ ഫീസ് പൊതു വിഭാഗത്തിന് 1200 രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് 600 രൂപയുമാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.
2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

   1) **നേറ്റിവിറ്റി :** അപേക്ഷകർ ഇന്ത്യൻ പൗരത്വം ഉള്ളവർ ആയിരിക്കണം

   2) **വിദ്യാഭ്യാസ യോഗ്യത:**

   അപേക്ഷകർ ബി.സി.എ/കമ്പ്യൂട്ടർ സയൻസ്സിലോ ഐ.റ്റി.യിലോ നേടിയ ബി.എസ്സ്.സി./ബി.ഇ./ബി.ടെക് എഞ്ചിനിയറിംഗ് ബിരുദം അഥവാ തത്തുല്യ യോഗ്യത,

   അല്ലെങ്കിൽ

   ബി.എ./ബി.എസ്സ്.സി./ബി.കോം./ബി.ഇ./ബി.ടെക്/ബി.വോക്ക് ഏതെങ്കിലും വിഷയത്തിൽ ബിരുദം. മാത്തമാറ്റിക്സ് ഒരു വിഷയമായി 10+2 തലത്തിലോ അഥവാ ബിരുദ തലത്തിലോ പഠിച്ചിട്ടുള്ളത് അഭികാമ്യം. മാത്തമാറ്റിക്സ് പഠിക്കാത്തവർ യൂണിവേഴ്സിറ്റി/കോളേജ് തലത്തിൽ നിർദ്ദേശിക്കുന്ന ഒരു ബ്രിഡ്ജ് കോഴ്സിൽ യോഗ്യത നേടേണ്ടതായിവരും.

   യോഗ്യതാ പരീക്ഷ 50% മാർക്കോടെ പാസ്സായിരിക്കണം. സംവരണ വിഭാഗക്കാർ ആകെ 45% മാർക്ക് നേടിയിരിക്കണം. മാർക്ക് അടുത്ത പൂർണ്ണസംഖ്യയിലേക്ക് നിജപ്പെടുത്തുന്നതല്ല.

   ഈ കോഴ്സിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷിക്കുന്നവർ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നോ, അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച മറ്റേതെങ്കിലും സർവ്വകലാശാലയിൽ നിന്നോ യോഗ്യതാ പരീക്ഷാ വിജയിച്ചിരിക്കണം. മേൽപ്പറഞ്ഞ യോഗ്യത പരീക്ഷയ്ക്കുള്ള അവസാന വർഷ പരീക്ഷ ഈ വർഷം എഴുതുന്നവർക്കും/എഴുതി ഫലം കാത്തിരിക്കുന്നവർക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ അവർ പ്രവേശന സമയത്ത് പ്രസ്തുത പരീക്ഷ വിജയിച്ചതിന്റെ സർട്ടിഫിക്കറ്റും പൂർണ്ണമായ മാർക്ക് ലിസ്റ്റുകളും ഹാജരാക്കേണ്ടതാണ്.
3. **പ്രവേശന പരീക്ഷ:** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. മാത്തമാറ്റിക്സ്, സ്റ്റാറ്റിറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്സ്, ക്വാൻഡിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ്, ലോജിക്കൽ എബിലിറ്റി, ഇംഗ്ലീഷ്, ജനറൽ നോളഡ്ജ് എന്നീ വിഷയങ്ങളെ ആസ്പദമാക്കി

ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷയായിരിക്കും. 120 മിനിട്ട് ദൈർഘ്യത്തിൽ 120 ചോദ്യങ്ങൾ ഉൾപ്പെട്ടതായിരിക്കും പരീക്ഷ. പ്രവേശന പരീക്ഷാ തീയതി പിന്നീട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**4. പ്രോസ്സ്പെക്ടസ്സിന്റെ ലഭ്യത**

പ്രോസ്സ്പെക്ടസ്സ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

**5. അപേക്ഷാഫോറം സമർപ്പിക്കുന്ന രീതി**

അപേക്ഷ സമർപ്പിക്കുന്നതിന് നാല് ഘട്ടങ്ങളുണ്ട്. അപേക്ഷകർ എല്ലാ ഘട്ടങ്ങളും നിർബന്ധമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതാണ്.

**ഘട്ടം 1 രജിസ്ട്രേഷൻ**

അപേക്ഷകർ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് 'VARIOUS ALLOTMENTS' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത ശേഷം 'Admission to MCA Degree course-2023' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. ഇപ്പോൾ സ്ക്രീനിൽ ലഭ്യമാകുന്ന 'New Candidate' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് വ്യക്തിഗത വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യുക. അപ്പോൾ കിട്ടുന്ന ആപ്ലിക്കേഷൻ നമ്പർ ഉപയോഗിച്ച് ഫീസ് ഒടുക്കാവുന്നതാണ്. ലോഗിൻ ചെയ്യാൻ ഉപയോഗിക്കുന്ന ആപ്ലിക്കേഷൻ നമ്പറും, പാസ്സ്വേർഡും, രജിസ്ട്രേഷൻ ഐ.ഡി യും അപേക്ഷാർത്ഥികൾ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്.

**ഘട്ടം 2 അപേക്ഷാഫീസ് ഒടുക്കുന്നത്**

അപേക്ഷാഫീസ് ഓൺലൈനായോ ചെല്ലാൻ മുഖേനയോ അടയ്ക്കാം. ഓൺലൈൻ ആയി അടയ്ക്കുന്നവർക്ക് തുടർന്നുതന്നെ ഓൺലൈൻ അപേക്ഷാഫോറം പൂരിപ്പിക്കാവുന്നതാണ്. ചെല്ലാൻ വഴി ഫീസ് അടയ്ക്കുന്നവർക്ക് 24 മണിക്കൂർ കഴിഞ്ഞോ അല്ലെങ്കിൽ പറഞ്ഞിരിക്കുന്ന സമയത്തിന് ശേഷമോ വെബ്സൈറ്റ് വഴി ലോഗിൻ ചെയ്ത് ഫീസ് ഒടുക്കിയ വിവരങ്ങൾ രേഖപ്പെടുത്തി ആപ്ലിക്കേഷൻ ഫോം പൂരിപ്പിക്കുന്നത് തുടരാം. ഇതിനായി ബാങ്കിൽ ഫീസ് ഒടുക്കിയ ചെല്ലാൻ നമ്പർ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്.

**ഘട്ടം 3 അക്കാദമിക് വിവരങ്ങൾ രേഖപ്പെടുത്തുകയും, ഫോട്ടോയും, ഒപ്പും സർട്ടിഫിക്കറ്റുകളും അപ്ലോഡ് ചെയ്യുക.** വ്യക്തിഗത വിവരങ്ങൾ, യോഗ്യതാ പരീക്ഷാ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയതിൽ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ (To prove age, nativity, reservation, fee concession(if any) and marklist) ആണ് ഈ ഘട്ടത്തിൽ അപ്ലോഡ് ചെയ്യേണ്ടത്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള എല്ലാ സർട്ടിഫിക്കറ്റുകളും(സാധുവായുള്ളത്) അപ്ലോഡ് ചെയ്യേണ്ടതാണ്.

**ഘട്ടം 4 ഫൈനൽ കൺഫർമേഷൻ**

ഫൈനൽ കൺഫർമേഷൻ നൽകുന്നതിന് മുൻപായി അപേക്ഷകർക്ക് അപേക്ഷയുടെ പതിപ്പ് കാണുവാൻ കഴിയും. ഘട്ടം 3 വരെ ശരിയായി പൂർത്തീകരിച്ചു എന്ന് ഉറപ്പു വരുത്തിയ ശേഷം 'Final confirmation' നൽകുക. ഫൈനൽ കൺഫർമേഷന് ശേഷം ആപ്ലിക്കേഷനിൽ മാറ്റം വരുത്താൻ സാധിക്കുന്നതല്ല. 'Final confirmation' നടത്തുമ്പോൾ ലഭിക്കുന്ന acknowledgement നമ്പർ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. ഇതിനു ശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കുക.

**Final confirmation നടത്താത്ത അപേക്ഷകൾ പൂർണ്ണമല്ലാത്തതായി പരിഗണിക്കുകയും അപേക്ഷ നിരസിക്കുന്നതുമാണ്.**

**അപേക്ഷകർ പാസ്സ്വേർഡും രജിസ്ട്രേഷൻ ഐ.ഡി യും രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.**

**അപേക്ഷാഫോമിന്റെയോ മറ്റ് സർട്ടിഫിക്കറ്റുകളുടെയോ പ്രിന്റൗട്ട്(Hard copy) യാതൊരു കാരണവശാലും എൽ.ബി.എസ്സ് സെന്ററിലേക്ക് നേരിട്ടോ, തപാലിലോ അയക്കേണ്ടതില്ല.**

അപേക്ഷകർ സമർപ്പിച്ച അപേക്ഷയുടെ പരിശോധനക്കുശേഷമുള്ള വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസിദ്ധപ്പെടുത്തിയ വിവരങ്ങൾ പരിശോധിച്ച് പരാതിയുണ്ടെങ്കിൽ വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന രീതിയിൽ നിശ്ചിത സമയത്തിനുള്ളിൽ അറിയിക്കേണ്ടതാണ്. അപേക്ഷകർ തങ്ങളുടെ അവകാശവാദങ്ങൾ പരിശോധിച്ച് പരാതി ഉണ്ടെങ്കിൽ നിശ്ചിത ദിവസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കാത്തതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് അപേക്ഷകർ മാത്രമായിരിക്കും ഉത്തരവാദി. നിർദ്ദിഷ്ട തീയതിക്കുശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

6. **ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിധം**

6.1 റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്ന അപേക്ഷകർക്ക് മാത്രമേ കോളേജ് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ട സമയപരിധി വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലൂടെയും പ്രസിദ്ധപ്പെടുത്തുന്നതാണ്. കോളേജുകളെപറ്റിയുള്ള വിശദ വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാകും.

6.2 **ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം:** ഇന്റർനെറ്റ് സൗകര്യമുള്ള ഏതു കംപ്യൂട്ടറിലും നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാം. സമയപരിധിക്കുള്ളിൽ ഓൺ ലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്ത അപേക്ഷകരെ അലോട്ട്മെന്റിനു വേണ്ടി പരിഗണിക്കുന്നതല്ല.

7. നിശ്ചിത സമയത്തിനുള്ളിൽ ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്ത അപേക്ഷകളിലെ ക്ലെയിം/അപേക്ഷ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

8. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല.

9. പ്രവേശന പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി എൽ.ബി.എസ്സ് സെന്റർ ഫോർ സയൻസ് & ടെക്നോളജി ഡയറക്ടർ അലോട്ട്മെന്റ് നടത്തുന്നതാണ്.

10. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

11. അപേക്ഷകർ അപേക്ഷ/അലോട്ട്മെന്റുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്കും അറിയിപ്പുകൾക്കും www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

OFFICE OF THE DIRECTORATE OF TECHNICAL EDUCATION
KERALA STATE
Thiruvananthapuram
Pin - 695 023

09.05.23

For സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

SENIOR JOINT DIRECTOR (ECS)
DIRECTORATE OF TECHNICAL EDUCATION
GOVERNMENT OF KERALA

തിരുവനന്തപുരം
09.05.2023